DIOCESAN BULLETIN

A PUBLICATION OFTHE KANDANAD EAST DIOCESE OF THE MALANKARA ORTHODOX SYRIAN CHURCH

Vol. 22 No. 6, 2011 June 15

എഡിറ്റോറിയൽ

സമ്പത്ത് ശാപമാകരുത്

ഒരു റഷ്യൻ കഥ. ഒരു സാധാരണ, ഗ്രാമീണ കർ ഷകൻ. ദുശ്ശീലങ്ങൾ ഒന്നുമില്ല. ഉള്ള വരുമാനം കൊ് അന്ത ായി ജീവിക്കുന്നു. എല്ലാവർക്കും അയാളെ ഇഷ്ടമാണ്. അയാൾക്ക് അവരെയും. സംതൃപ്തവും സന്തോഷപ്രദവുമായ ജീവിതം.

ഒരാൾ മാത്രം ഇതിൽ അസൂയകൊു. പിശാച്. അവൻ കിങ്കരന്മാരെ വിട്ട് ആ കൃഷീവലനെ വഴിതെറ്റിക്കാൻ ശ്രമിച്ചു. പല നാശനഷ്ടങ്ങളും ദുരിതങ്ങളും അയാൾക്ക് വരുത്തി. പക്ഷേ വിജയിച്ചില്ല. അ യാൾ പിറുപിറുപ്പില്ലാതെ എല്ലാം സഹിച്ച് നല്ലവനായിത്തന്നെ തുടർന്നു. ഒടുവിൽ പിശാചുക്കളുടെ തലവൻ ബേൽസ്ബൂബ് തന്നെ ഇടപെടാമെന്ന് വച്ചു. അയാളുടെ സമീപനം മറ്റൊന്നായിരുന്നു. കർഷകന്റെ കൃഷികൾക്കെല്ലാം നൂറുമേനി വിളവ് നൽകി. ധാന്യക്കൂമ്പാരങ്ങൾ കളത്തിൽ സഹ്യാദ്രിപോലെ ഉയർന്നു. പത്തായങ്ങളും ധാന്യപ്പുരകളും നിറഞ്ഞുകവിഞ്ഞു. എന്താ ചെയ്യുക? ഇത്രയേറെ ധാന്യം ദാനം ചെയ്യാൻ പറ്റുമോ? അദ്ധ്വാനിച്ചുാക്കിയതല്ലേ? കട്ടും പിടിച്ചുപറിച്ചുമല്ലല്ലോ. കുറച്ചൊക്കെ മറ്റ് വിധേനയും ഉപയോഗപ്പെടുത്താൻ നോക്കണം. കർഷകൻ തീരുമാനമെടുത്തു.

ധാന്യങ്ങളിൽ നിന്ന് മദ്യമുാക്കാമെന്ന് അയാൾ കേട്ടിട്ടുായിരുന്നു. എന്തുകൊ് അതൊന്ന് പരീക്ഷിച്ചുകൂടാ? വാറ്റ് അറിയാവുന്ന ചിലരെ കൂട്ടുപിടിച്ചു. ശ്രമം പൂർണ്ണവിജയം! ഒന്നാംതരം 'വോഡ്ക'. നല്ല വീര്യം. അയാൾ ഊറ്റിയൂറ്റിക്കുടിച്ചു. കൂട്ടുകാരുമൊത്ത് കുടിച്ചു മദിക്കാൻ തുടങ്ങി. ഭാര്യയുടെ മുന്നറിയിപ്പും പ്രതിഷേധവുമൊന്നും ചെവിക്കൊില്ല. ക്രമേണ അയാൾ ഒരു മദ്യപാനിയായി മാറി. അതോടെ എല്ലാ ദുശ്ശീലങ്ങളും ദുർവികാരങ്ങളും അയാളിൽ നുരഞ്ഞുപൊങ്ങി. കൃഷിയിൽ താല്പര്യമില്ലാതായി. കുടുംബം നരകതുല്യമായി. വീട്ടിൽ ശണ്ഠമാത്രം. പിശാച് സന്തോഷിച്ചു.

സമ്പത്തിന്റെ ദുസ്വാധീനമാണ് ഇവിടെ കഥാതന്തു. ഒന്നാന്തരമൊരു ചെറുപ്പക്കാരൻ നിത്യജീവൻ പ്രാപിക്കുവാൻ എന്തു ചെയ്യണമെന്ന് ചോദിച്ച് യേശുവിനെ സമീപിച്ചില്ലേ? കല്പനകളെല്ലാം ബാല്യം മുതൽ ക്കേ ശീലിച്ചു പോന്നവൻ. യേശു അവനെ സൂക്ഷിച്ചു നോക്കിയിട്ട് എന്തു പറഞ്ഞു? "നിനക്ക് ഒരു കുറവു്. നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്കു കൊടുക്കുക. എന്നിട്ട് നിന്റെ കുരിശെടുത്ത് എന്നെ അനുഗമിക്കുക." അവനെന്തു ചെയ്തു? അവിടെ മുങ്ങി. പിന്നെ അവന്റെ പൊടിപോലും കില്ല. കാരണമെന്തായിരുന്നു? അവൻ ഏറെ സമ്പത്തുള്ളവനായിരുന്നു. യേശുവിന്റെ കമന്റ് "ധനവാൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതിനേക്കാൾ എളുപ്പം ഒട്ടകം സൂചിക്കുഴലിലൂടെ കടക്കുന്നതാകുന്നു."

ധനസമ്പാദനം ഒരു തെറ്റാണോ? അല്ല. എന്നാലൊന്നു്. അത് നേരായ മാർഗ്ഗത്തിലൂടെ ആയിരിക്കണം. സമ്പത്തില്ലാത്തവരുമായി സന്തോഷപൂർവ്വം അത് പങ്കുവയ്ക്കുകയും വേണം. സമ്പത്ത് നേടുന്നതിനേക്കാൾ കൂടുതൽ വിവേകം ആവശ്യമുള്ളതാണ് അതിന്റെ വിനിയോഗത്തിന്. സമ്പത്തിന്റെ ദുർവിനിയോഗം അതിന്റെ മാത്രം നഷ്ടത്തിൽ ഒതുങ്ങുകയില്ല. സമ്പാദകന്റെ സ്വഭാവവും ആരോഗ്യവും ഉൾപ്പെടെ കുടുംബത്തിന്റെ സമൂല നാശത്തിനും കാരണമാകാം. അതാണ് തുടക്കത്തിൽ പറഞ്ഞ കഥയിൽ നാം കത്. വിനിയോഗം തെറ്റിയാൽ സമ്പത്തൊരു ശാപമാകുമെന്ന് സാരം. ബൈബിൾ സംഭവം ഒരുപടി കൂടി മുമ്പോട്ട് പോകുന്നു. സമ്പത്ത് വിനിയോഗിക്കാതെ കൂട്ടിവയ്ക്കുന്നതും കുറ്റകരമാണ്.

സമ്പത്ത് നേരാംവിധം കൈകാര്യം ചെയ്യുന്നതിന് നല്ല വിവേകവും ദീർഘദൃഷ്ടിയും ആവശ്യമാണ്. സമ്പന്ന സമൂഹങ്ങളിൽ മൂല്യച്യുതിയും അലങ്കോല ജീവിതവും അധികരിച്ചുവരുന്നു. നമ്മുടെ നാടും ഇന്ന് സമ്പന്നതയിലേക്ക് കുതിക്കുകയാണ്. കേരളീയർക്ക് ഗൾഫ് പോലെയാണ് ബീഹാറികൾക്കും ബംഗാളികൾക്കും കേരളം ഇന്ന്. സാമ്പത്തിക പുരോഗതി എന്തെന്ത് മാറ്റങ്ങളാണ് നമ്മുടെ സമൂഹത്തിൽ വരുത്തിക്കൊിരിക്കുന്നത്! ശാസ്ത്ര-സാങ്കേതിക മുന്നേറ്റങ്ങളുടെ സത്ഫലങ്ങളേടൊപ്പം സമ്പന്നതയുടെ പല ശാപങ്ങളും നാമിന്ന് ഏറ്റുവാങ്ങി വന്നിരിക്കുകയാണ്. ചെറുസമൂഹങ്ങളായ കുടുംബങ്ങൾ പലതുമിന്ന് പൊള്ളുന്ന തീച്ചൂളകളാണ്. ഭർത്താവിന്റെ അപഥസഞ്ചാരം, ഭാര്യയുടെ തോന്ന്യാസം, മക്കളുടെ അനുസരണക്കേട്, മാതാപിതാക്കളുടെ അരക്ഷിതാവസ്ഥ ഇവയ്ക്കെല്ലാം സമ്പന്നതയുടെ മൂടുപടമു്. പ്രായം

EDITORIAL BOARD

President
H. G. Dr. Thomas Mar Athanasius
Metropolitan

Chief Editor
Fr. Abraham Karammel

Mg.Editor
Mr. P. J. Varghese

Associate Editor
Fr. Kochuparambil Geevarghese Ramban

Technical Adviser
Mr. George Paul

Members
Fr. Marydas Stephen
Fr. Alias Kuttiparichel
Fr. Shibu Kurian
Prof. Dr. M. P. Mathai
Mr. A. G. James
Mrs. Jiji Johnson

www.dioceseofkandanadeast.org

ഉള്ളടക്കം

പേജ്

എഡിറ്റോറിയൽ
സമ്പത്ത് ശാപമാകരുത് 1

വർഗ്ഗീയവത്കരിക്കപ്പെടുന്ന കേരള രാഷ്ട്രീയം..... 3
ഡോ. തോമസ് മാർ അത്താനാസ്യോസ്

സഭാശുശ്രൂഷയിൽ ര് പതിറ്റാുകൾ – 14 6
ഡോ. തോമസ് മാർ അത്താനാസ്യോസ്

സ്നേഹത്തിന്റെ ഉപ്പുചേർത്ത പൊതിച്ചോറ് 11
ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്ത

കടം 12
സഖേർ

ധൂർത്തപുത്രൻ: കമ്പോളവത്കൃത ലോകത്ത് മാറ്റത്തിന്റെ പ്രതിനിധി......................... 13
ഡോ. തോമസ് അത്താനാസ്യോസ്

Those who sabotaged the Peace Process of the Malankara Syrian Church an Over View 14
ഡോ. കെ. എം. ജോർജ്ജ്, മേൽമന

ചെന്നവരും അനാരോഗ്യരും ഒറ്റപ്പെടലും അവഗണനയും അനുഭവിക്കുന്നു. കുട്ടികളുടെ മേൽ മാതാപിതാക്കൾക്ക് നിയന്ത്രണവും സ്വാധീനവും കുറഞ്ഞുവരുന്നു. കുടുംബാംഗങ്ങൾ തമ്മിലുള്ള ബന്ധം തന്നെ ദുർബലവും ശിഥിലവുമായിക്കൊിരിക്കുന്നു. ഒരേ മേൽക്കൂരയ്ക്ക് കീഴിൽ കഴിയുന്നവർ പലപ്പോഴും മാനസികമായി ധ്രുവങ്ങളേക്കാൾ അകലത്തിലാണ്. തങ്ങൾക്ക് അടിച്ചുപൊളിച്ചു ജീവിക്കാനുള്ള സമ്പത്താണ് മാതാപിതാക്കൾ സ്വരുക്കൂട്ടുന്നതെന്ന ചിന്ത കുട്ടികളിൽ കുരുന്നിലേ കടന്നുകൂടുന്നു. അല്ലലറിയാതെയുള്ള അവരുടെ ജീവിതം വിഘ്നങ്ങളെ തരണം ചെയ്യാൻ അവരെ കെല്പില്ലാത്തവരാക്കുന്നു. പ്രശ്നങ്ങളെ അഭിമുഖീകരിക്കേി വരുമ്പോൾ അവർ പെട്ടെന്ന് മനം മടുത്ത് അതിക്രമങ്ങൾക്ക് തുനിയുന്നു. ബാല്യത്തിൽ അതിലാളന നൽകുന്ന മാതാപിതാക്കൾ കൗമാരത്തിൽ തങ്ങളുടെ മക്കളെ നിയന്ത്രിക്കാൻ ശ്രമിക്കുമ്പോൾ കുട്ടികൾ അവരെ ശത്രുക്കളായിക് പകയോടെ പ്രതികരിക്കുന്നു. കേരള സമൂഹത്തിൽ അഴിമതി, അനാശാസ്യപ്രവർത്തനങ്ങൾ, ബന്ധുജന രതിക്രീഡകൾ, വിവാഹപൂർവ്വ ലൈംഗിക വേഴ്ച, ഭ്രൂണഹത്യ, കൊലപാതകങ്ങൾ എന്നിവയെല്ലാം പെരുകുന്നു. ഉന്നതവിദ്യാഭ്യാസവും സമ്പത്തുമുള്ളവർക്കിടയിൽ മദ്യപാന വും, കുടുംബകലഹവും, വിവാഹമോചനവും കൂടിവരികയാണെന്ന് സ്ഥിതിവിവിരക്കണക്കുകൾ സൂചിപ്പിക്കുന്നു. ഭാര്യമാരെ മർദ്ദിക്കുന്നത് അവകാശവും പൗരുഷവുമായി കരുതുന്ന ഭർത്താക്കന്മാരും ഭർത്താക്കന്മാർക്ക് വഴങ്ങുന്നത് അഭിമാനക്ഷതമായി ചിന്തിക്കുന്ന ഭാര്യമാരുമു്. സംശയരോഗം, ആധിപത്യസ്ഥാപനശ്രമം, അപകർഷതാബോധം, സമ്പത്തിന്റെ അഹന്ത, മോഹഭംഗങ്ങൾ എന്നിവയൊക്കെ സൃഷ്ടിക്കുന്ന മാനസിക പ്രശ്നങ്ങൾ നിരവധിയാണ്. കേരളത്തിലെ ഡി-അഡിക്ഷൻ കേന്ദ്രങ്ങളിൽ ചികിത്സാർത്ഥം സ്ത്രീകളും എത്തുന്നുന്നെ വസ്തുത ആരെയും ഞെട്ടിക്കേില്ല.

കുടുംബങ്ങളിലെ അന്ത:ഛിദ്രങ്ങളുടെ അനന്തരഫലമാണല്ലോ വിവാഹമോചനക്കേസുകൾ. അവ അധികവും സമ്പന്ന ദമ്പതികളുടേതാണ്. 2010 ൽ കേരളത്തിലെ 16 കുടുംബകോടതികളിൽ പരിഗണനയ്ക്കെടുത്ത 10926 കേസുകളിൽ 1100 എണ്ണം എറണാകുളത്താണ്. തൃശൂരും ആലപ്പുഴയും യഥാക്രമം 1059, 1036 കേസുകളോടെ രും മൂന്നും സ്ഥാനങ്ങളിൽ നിൽക്കുന്നു. ഇവ മൂന്നും ഉയർന്ന് ക്രിസ്ത്യൻ സാന്നിധ്യമുള്ള മേഖലകളാണെന്നും ശ്രദ്ധിക്കപ്പെടേതാണ്. 1999 ൽ എറണാകുളത്ത് 416 ഉം തൃശൂരിൽ 335 ഉം വിവാഹമോചനക്കേസുകളേ ഉായിരുന്നുള്ളൂ.

സ്വത്തിന്റെ സമ്പാദനത്തിലും വിനിയോഗത്തിലും ധാർമ്മികതയും നീതിയും സുതാര്യതയും പാലിക്കുന്നതിന് അംഗങ്ങൾക്ക് വേത്ര അവബോധവും മാർഗ്ഗദർശനവും നൽകേ ചുമതല സഭയ്ക്കു്. സമ്പത്ത് അനാവശ്യങ്ങൾക്കും ആർഭാടങ്ങൾക്കുമായി ചെലവഴിക്കാതെ ജനോപകാരപ്രദമായി വിനിയോഗിക്കുന്നതിന് അവരെ പരുവപ്പെടുത്തേു്. ധനം കൂട്ടിവയ്ക്കുന്നതിനുള്ളതല്ലെന്നും അത് ഇല്ലാത്തവരുമായി സന്തോഷപൂർവ്വം പങ്കുവച്ച് ദൈവസ്നേഹം വെളിപ്പെടുത്തേതാണെന്നും സഭാമക്കളെ ബോധ്യപ്പെ

മെത്രാപ്പോലീത്തായുടെ കത്ത്

വർഗ്ഗീയവത്കരിക്കപ്പെടുന്ന കേരള രാഷ്ട്രീയം

ജാതി, മത ഭ്രാന്തുകൾ കേരളത്തിൽ അല്പം കൂടുതലാണെന്ന് വിവേകാനന്ദൻ പ േകത്തിെയിട്ടുള്ളതാണ്. അത് ഏറെക്കുറെ കുറഞ്ഞു വരുന്നു എന്നൊരു ധാരണ ഇടക്കാലത്ത് സൃഷ്ടിക്കപ്പെട്ടു. എങ്കിലും എം.പി. നാരായണപിള്ളയെപ്പോലെ കേരള രാഷ്ട്രീയ ചരിത്രം ഗൗരവമായി വിശകലനം ചെയ്തിട്ടുള്ളവരുടെ അഭിപ്രായ പ്രകാരം ജാതിമത രാഷ്ട്രീയം കേരള രാഷ്ട്രീയത്തിലെന്നും ശക്തമായ ഒരു ഘടകം തന്നെയായിരുന്നു. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവും മതനിരപേക്ഷ ദേശീയതയുമെല്ലാം സ്വാതന്ത്ര്യ സമരകാലത്തു തന്നെ വേരുപിടിച്ച ഈ നാട്ടിൽ ഇത് ന്യായമായും സംഭവിക്കാൻ പാടില്ലാത്തതാണ്. എന്തുകൊാേ വർഗ്ഗീയതയുടെ പിടിയിൽ നിന്ന് കേരളരാഷ്ട്രീയം വിമോചിതമാകുന്ന ലക്ഷണം കാണുന്നില്ല. ഇത്തവണത്തെ നിയമസഭാ തെരഞ്ഞെടുപ്പും തെരഞ്ഞെടുപ്പു ഫലവും നൽകുന്ന പാഠമതാണ്.

സമകാലീന രാഷ്ട്രീയത്തെ സംബന്ധിച്ചുള്ള നിരീക്ഷണങ്ങളും പഠനങ്ങളും വർഗ്ഗീയത ഗുരുതരമാകുന്നു എന്ന ഞെട്ടിപ്പിക്കുന്ന സൂചനയാണ് നൽകുന്നത്. ഒരു സെക്കുലർ- സോഷ്യലിസ്റ്റ്-ഡെമോക്രാറ്റിക് രാഷ് ട്രീയ സംവിധാനത്തിൽ ജാതിയുടെയും മതത്തിന്റെയും ഇടപെടൽ കൊ് ആ ക്രമം എങ്ങനെ തകർക്കാം എന്ന ചിത്രമാണ് ഇവിടെ കാണുന്നത്. സ്ഥാനാർത്ഥി നിർണ്ണയത്തിൽ ഒരു പ്രധാന യോഗ്യതയായി നിലനിൽക്കുന്നത് സ്ഥാനാർത്ഥിയു ടെ ജാതിക്കോ മതത്തിനോ മണ്ഡലത്തിൽ എത്ര സ്വാധീനം ു് എന്നുള്ളതാണ്. ജാതി-മത പിൻബലമില്ലാ യെങ്കിൽ സ്ഥാനാർത്ഥിത്വം അനിശ്ചിതത്തിലാവും. അതുപോകട്ടെ, മന്ത്രി സഭയിൽ എടുക്കുന്നതിനുള്ള അർഹ ത, തിരസ്കരണത്തിനുള്ള സാധ്യത ഇവയെല്ലാം സമുദായം, ജാതി, മതം എന്നിവയെയെല്ലാം ആശ്രയിച്ചാണ് ഇരിക്കുന്നത് എന്നത് മന്ത്രിസഭാ രൂപീകരണം വ്യക്തമാക്കി. സാഹചര്യം ഇതാണെങ്കിൽ ജാനാധിപത്യം ഈ നാട്ടിൽ ജീർണ്ണിക്കുന്നു എന്നാണ് സൂചന.

കേരളത്തിലെ ഒരു പ്രമുഖ വാരികയുടെ പുറംചട്ടയിൽ ശ്രീ. രമേശ് ചെന്നിത്തലയുടെ വലിയൊരു ചിത്ര വും അതോടൊപ്പം വലിയൊരു തലക്കെട്ടും. അദ്ദേഹത്തിന് മുഖ്യമന്ത്രിയാകാൻ കഴിയാതെ പോയതിനുള്ള കാരണം അദ്ദേഹം നായരായി പോയതാണത്രേ. ഇതിലെന്തെങ്കിലും വാ സ്തവം ഉങ്കിെൽ നമ്മുടെ ജനാധിപത്യ സംവിധാനം വിശാലമായ ചർ ച്ചയ്ക്ക് വിധേയമാകേത്ു. ഏതെങ്കിലും ഒരു സമുദായത്തിലെ അംഗത്വം മുഖ്യമന്ത്രി സ്ഥാനത്തേക്ക് പരിഗണിക്കുന്നതിന് അയോഗ്യതയായിത്തീർന്നിട്ടു് എന്നചിന്ത ജന ങ്ങൾക്കിടയിൽ പരക്കുന്നത് ജനാധിപത്യ പ്രക്രിയയിൽ അപകടകരമായ ഒരു പ്രവണതയെയാണ് സൂചിപ്പിക്കുന്നത്. വിഷയം സത്വരമായിത്തന്നെ പരിഗണനയ്ക്കെടുക്കുവാൻ കേരളത്തിലെ പൊതു സമൂഹം തയ്യാറാകേത്ു. തിരുവല്ലായ്ക്ക് സമീപമുള്ള കല്ലൂപ്പാറ നിയമസഭാമണ്ഡലം ഈ പ്രാവശ്യം നിർത്തലാക്കി. അതി ന്റെ ഭാഗങ്ങൾ സമീപത്തുള്ള മണ്ഡലങ്ങളിൽ ലയിപ്പിച്ചു. അവിടെത്തെ സി റ്റിംഗ് ജനപ്രതിനിധിയായിരുന്ന ശ്രീ. ജോസഫ് എം. പുതുശ്ശേരിക്ക് അയൽ മണ്ഡലമായ തിരുവല്ലായിൽ തന്റെ രാഷ്ട്രീയ സംഘടനയായ കേരളാ കോൺഗ്രസ് സീറ്റ് നൽകിയില്ല. കഴി ഞ്ഞ പ്രാവശ്യം തിരുവല്ലായിൽ മത്സരിച്ച് പരാജയപ്പെട്ട മറ്റൊരാൾക്കാണ് കുറി വീണത്. പുതുശ്ശേരി ജോസഫ് ജനനം കൊ് ഒരു ഓർ ത്തഡോക്സ്കാരനും രാഷ്ട്രീയം കൊ് ഒരു കേരളാ കോൺഗ്രസുകാരനുമാണ്. രാഷ്ട്രീയക്കാരനെന്ന നിലയിൽ അദ്ദേഹത്തിന് സീറ്റ് നൽ കണോവേയോ എന്ന് തീരുമാനിക്കുന്നത് അദ്ദേഹത്തിന്റെ പാർട്ടിയാണ്. സീറ്റ് കിട്ടിയില്ലെങ്കിൽ നിലപാടെടുക്കേത് അദ്ദേഹവും പാർട്ടിപ്രവർത്തകരുമാണ്. പ്രാഥമിക രോഷപ്രകടനങ്ങൾ ക്കുശേഷം അദ്ദേഹം അച്ചടക്കമുള്ള ഒരു പാർട്ടിപ്രവർത്തകനായി മാറി. എന്നാൽ പ്രതിഷേധം ഓർത്തഡോക്സുകാർ ഏറ്റെടുത്തു എന്ന ഒരു പ്രതീതി സൃഷ്ടിക്കപ്പെട്ടു. പത്തനംതിട്ട ജില്ലയിലും കേരളത്തിന്റെ തെക്കൻ പ്രദേശങ്ങളിലും ഓർത്തഡോക്സ് സഭ യു.ഡി.എഫ്. വിരുദ്ധ നിലപാടെടുത്തു എന്ന ധ്വനി തെരഞ്ഞെടുപ്പുഫലം വിശകലനം ചെയ്ത് മാധ്യമങ്ങളിൽ വന്നു. സഭാമേലദ്ധ്യക്ഷന്മാർ അറിഞ്ഞുായ ഒരു നിലപാടാണ് എന്ന വാർത്തയും പരന്നിട്ടു്. സ്ഥാനാർത്ഥി നിർണ്ണയത്തിന്റെ പേരിൽ സഭയിൽ നിന്ന് ഇത്തരത്തിലുള്ള ഒരു പ്രതികരണം ഉാവുന്നത് ആശാസ്യമാണോ എന്ന് ചിന്തിക്കേത്ു.

ഇവിടെ സഭാംഗമായ ഒരു വ്യക്തിക്ക് അദ്ദേഹത്തിന്റെ പാർട്ടി സ്ഥാനാർത്ഥിത്വം നൽകിയില്ല എന്നതാണ് വിഷയം. സഭയും രാഷ്ട്രീയവും സമൂഹത്തിലെ ര് സ്വതന്ത്രഘടകങ്ങളാണ്. ഒരു വ്യക്തിക്കുതന്നെ മതസംഘടനയിലും രാഷ്ട്രീയ പ്രസ്ഥാനത്തിലും ഒരേസമയം അംഗമാകാം. മതത്തിന് അതിന്റെ നിയമങ്ങളും സംവിധാനങ്ങളുമു്. രാഷ്ട്രീയപാർട്ടികൾക്ക് അവയുടെ ക്രമീകരണങ്ങളുമു്. ഈ ര് വ്യത്യസ്ത സംവിധാനങ്ങളിൽ ഓരോന്നും അതിന്റെ ക്രമമനുസരിച്ച് പ്രവർത്തിക്കുന്നു. രിലും അംഗങ്ങളായ പ്രവർ

ത്തകർ ഓരോ പ്രസ്ഥാനത്തിലും പ്രവർത്തിക്കുമ്പോൾ അതതിന്റെ നിയമങ്ങൾക്കും ശാസനകൾക്കും തീരുമാനങ്ങൾക്കും വിധേയമായി കഴിയുന്നു. മതത്തിൽ രാഷ്ട്രീയ വിഭാഗങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രൂപ്പുകൾ ഉാക്കുന്നതും, രാഷ്ട്രീയത്തിൽ മതവിഭാഗങ്ങളുടെ അടിസ്ഥാനത്തിൽ പ്രത്യേ ക ഗ്രൂപ്പുകൾ രൂപം കൊള്ളുന്നതും ശരിയായ പ്രവണതയല്ല. ഉദാഹരണത്തിന് മലങ്കരസഭയിലെ ബിഷപ്പുമാരുടെയോ മാനേജിംഗ് കമ്മിറ്റിഅംഗങ്ങളുടെയോ തെരഞ്ഞെടുപ്പിൽ കേരളത്തിലെ ഭരണ-പ്രതിപക്ഷ മുന്നണികളുടെ പ്രതിനിധികളായി സ്ഥാനാർ ത്ഥികൾ മത്സരിച്ചാൽ കാര്യം എവിടെയാകും? അല്ലെങ്കിൽ രാഷ്ട്രീയ പ ാർട്ടികളുടെ പ്രാതിനിധ്യം സഭാസ്ഥാനങ്ങളിലേയ്ക്കു ള്ള മത്സരങ്ങളിൽ വന്നാൽ സ്ഥിതി എങ്ങനെ വരും? മെത്രാന്മാരുടെയും, സഭാസ്ഥാനികളുടെയും, മാനേജിംഗ് കമ്മിറ്റി അംഗങ്ങളുടെയും തെരഞ്ഞെടുപ്പിലെ സ്ഥാ നാർത്ഥി പട്ടികയിൽ തങ്ങളുടെ പ്രാതിനിധ്യം ഉറപ്പാക്കാൻ രാഷ്ട്രീയ പാർട്ടികൾ ശ്രമിച്ചാൽ സഭയുടെ നിലപാട് എന്തായിരിക്കും? അങ്ങനെ സം ഭവിച്ചാലും, മറിച്ച് രാഷ്ട്രീയപാർട്ടികളുടെ തെരഞ്ഞെടുപ്പിൽ നിർദ്ദിഷ്ട സംഖ്യ സ്ഥാനാർത്ഥികൾ തങ്ങൾക്കുവേണമെന്ന് സഭ ആവശ്യപ്പെടുമ്പോഴും ഈ വ്യത്യസ്ത സ്വതന്ത്രസംഘടനകളുടെ അതിർത്തിയും സ്വാതന്ത്ര്യവും ലംഘിക്കുകയാണെന്ന് തിരിച്ചറിയണം. പാർട്ടിയിൽ ഏതെങ്കിലും ഒരു സഭാംഗത്തിന് സ്ഥാനം കിട്ടിയില്ലെങ്കിൽ അതിനെതിരെ സഭാതലത്തിൽ നീങ്ങുന്നത് ജനാധിപത്യത്തിനും സഭ യ്ക്കും അപകടമാണ്.

കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്ത് പല സമുദായ മത സംഘടനകളും തങ്ങൾക്ക് ഇത്ര സീറ്റ് മത്സരിക്കുവാൻ കിട്ടണമെന്ന് രാഷ്ട്രീയപ ാർട്ടികളോട് ആവശ്യപ്പെടുകയുായി. ഓർത്തഡോക്സ് സഭ തന്നെ യു. ഡി.എഫിനോട് ഈ അഭ്യർത്ഥന നടത്തുകയുായി എന്നത് മാധ്യമങ്ങളിൽ അവഗണിക്കാനാവാത്ത വാർ ത്തയായി വന്നിരുന്നു. ഈ വിലപേശൽ മലങ്കരസഭയെ ഒരു മുന്നണിയുടെ ഘടകകക്ഷിയായി മാറ്റിയതുപോലെ പ്രതീതി സൃഷ്ടിച്ചു. ജാതിയുടെയും മതത്തിന്റെയും അടിസ്ഥാനത്തിലാണ് സ്ഥാനാർത്ഥി നിർണ്ണ യം നടത്തേതെന്നും തങ്ങളുടെ സമുദായത്തിന് അർഹമായ പ്രാതിനിധ്യം സ്ഥാനാർത്ഥി ലിസ്റ്റിൽ ഉായിരിക്കണമെന്നുമാണ് ഇവിടെ സൂചന. ഇന്ത്യൻ ജനാധിപത്യ സംവിധാനത്തിൽ ജാതിയുടെയും മതത്തിന്റെ യും അടിസ്ഥാനത്തിൽ സ്ഥാനാർ ത്ഥി നിർണ്ണയസാധ്യതയ്ക്ക് ഇടമില്ല എന്നത് നാം മന ിലാക്കേതാണ്. സഭാംഗങ്ങളുടെയും ജനാധിപത്യ വിശ്വാസികളുടെയും മധ്യത്തിൽ സഭയ്ക്ക് അവഹേളിതമാകാം എന്ന നേട്ടം മാത്രം ഇതുകൊ്.

മതപ്രസ്ഥാനങ്ങൾ രാഷ്ട്രീയത്തിൽ ഇടപെടുന്നത് നിഷിദ്ധമാണ് എന്നത് ഇതുകൊർത്ഥമാക്കുന്നില്ല. അവയ്ക്ക് രാഷ്ട്രീയകാര്യങ്ങൾ പറയാവുന്നതും ആവശ്യമെങ്കിൽ ഇടപെടാവുന്നതുമാണ്. എന്നാൽ അത് മതത്തിന്റെ സ്ഥാപിത താല്പര്യങ്ങൾ സംരക്ഷിക്കുക എന്ന ഇടുങ്ങിയ ലക്ഷ്യം വച്ചാകരുത്. തീർച്ചയായും സ്ഥാനാർത്ഥി നിർണ്ണയത്തിൽ ശ്രദ്ധിക്കേ കാര്യങ്ങളും പ റയാം. ഉദാഹരണത്തിന് സ്ഥാനാർത്ഥികൾ ശുദ്ധമായ പ്രതിച്ഛായ ഉള്ളവരായിരിക്കണം. അഴിമതിക്കാരായി പേരെടുത്തവരായിരിക്കരുത്. പ്രാപ്തിയുള്ളവ രും നാടിന്റെ വികസനത്തിനുവേി അദ്ധ്വാനിക്കുന്നവരുമായിരിക്കണം. മത സംഘടനകളുമായി അമിത അ ടുപ്പം പാലിക്കുന്നവരായിരിക്കരുത്. നാടിന്റെ വികസനത്തെപ്പറ്റി വ്യക്തമായ ധാരണ ഉള്ളവരായിരിക്കണം. മദ്യത്തിന് അടിമകളായിരിക്കരുത്. ഇങ്ങനെയുള്ള നിർദ്ദേശങ്ങൾ രാഷ്ട്രീയക്കാരുടെ മുമ്പിൽ വയ്ക്കാം. ഇതുപോലുള്ളവർക്കും നീതിപൂർവ്വം പൊതുപ്രവർത്തനം നടത്തുന്നവർക്കും മാത്രമേ സമ്മതിദാന അവകാശം ഉപയോഗിക്കാവൂ എന്ന് ജനത്തോടും പ റയാൻ സാധിക്കണം. പറ്റിയ സ്ഥാ നാർത്ഥികൾ ഇല്ലെങ്കിൽ വോട്ട് ചെയ്യരുത് എന്നും പൗരന്മാരോട് പ റയാം. ഇപ്രകാരമുള്ള ഇടപെടൽ രാഷ്ട്രീയാന്തരീക്ഷം ശുദ്ധമാക്കുക എന്ന ഉ ദാത്തലക്ഷ്യം വച്ചാണ്. അതുവഴി അടിസ്ഥാനമൂല്യങ്ങളുടെയും ധാർമ്മികതയുടെയും പ്രചാരകരും കാവൽ ഭടന്മാരുമായി മത-സമുദായങ്ങൾ മാറുന്നു.

ഇത്തരത്തിൽ നിലപാടെടുത്താൽ രാഷ്ട്രീയരംഗം പരിവർത്തന വിധേയമാകും. രാഷ്ട്രീയപാർട്ടികൾ ജാതി-മത സമുദായങ്ങൾ നോക്കാതെ നല്ല പൊതുപ്രവർത്തകരെ അധികാര സ്ഥാനങ്ങളിലേയ്ക്കുള്ള സ്ഥാ നാർത്ഥികളായി കൊുവരാൻ നിർ ബന്ധിതരാകും. രാഷ്ട്രീയ പ്രവർത്തകർതന്നെ കൂടുതൽ അർപ്പണബോധവും സത്യസന്ധതയും ന ീതിനിഷ്ഠയുമുള്ളവരാകാൻ ജാഗ്രത പുലർ ത്തേതായും വരും. ഇത് അടിസ്ഥാനപരമായി ഒരു നല്ല രാഷ്ട്രീയ സം സ്ക്കാരം രൂപപ്പെടുത്തുന്നതിന് സ ഹായകമാകും. കൂടാതെ രാഷ്ട്രീയരംഗം കൂടുതൽ മതനിരപേക്ഷവും സംശുദ്ധവുമായി രൂപാന്തരപ്പെടുകയും ചെയ്യും. മതങ്ങൾ ഈ രംഗത്ത് പൊതുനന്മയ്ക്കുവേി വ്യക്തമായ ഉറച്ച നിലപാടുകൾ എടുത്താൽ രാഷ്ട്രീയ പൊതുപ്രവർത്തന മേഖലകളെ ഗുണപരമായി സ്വാധീനിക്കും എന്നതിൽ തർക്കമില്ല.

വ്യക്തികളെ മാത്രമല്ല, പാർട്ടികളെയും, മുന്നണികളെയും വിലയിരുത്തുവാനും മതങ്ങൾക്ക് സാധിക്കണം. ഇവിടെ പാർട്ടികളുടെ നയങ്ങളും പ്രവർത്തനവുമാണ് നിരീക്ഷണവിധേയമാകേത്. മത-സമുദായങ്ങൾ ജനാധിപത്യസംവിധാനത്തിൽ ഇവിടെയാണ് പ്രധാനമായും പങ്ക് വഹിക്കേത്. കഴിഞ്ഞ ഭരണത്തി ന്റെ നേട്ടങ്ങളെ നിർവ്വീര്യമാക്കിയ ഒരു ഘടകം വൈകല്യമാർന്ന വിദ്യാഭ്യാസ നയമായിരുന്നു. വിദ്യാഭ്യാ

സരംഗത്ത് പ്രത്യേകിച്ച് ഉന്നത വിദ്യാഭ്യാ സ മേഖലയിൽ അര ക്ഷിതത്വം, പ്രതിസന്ധി, അഴമതി സാധ്യത എന്നിവയെല്ലാം നയവൈ കല്യം കൊ് സംഭവിച്ചു. അതാ യത് ഭരണകൂടത്തിന്റെ നയങ്ങളും ഭരണരംഗത്തെ പ്രകടനവും വില യിരുത്തുന്നതിന് മതങ്ങളെ ആരും വിലക്കുന്നില്ല. ഭരണകൂടം വിക സനോത്മുഖമായ നിലപാടാണോ എടുത്തിരിക്കുന്നത്, ഭരണത്തിൻ കീഴെ ദുർബലവിഭാഗങ്ങൾ ക്ക് ന ീതി ലഭിക്കുന്നുോ, ഭരണകൂടത്തിന് അഴിമതിക്കെതിരെ ശക്തമായ ന ിലപാടുോ, കാര്യശേഷിയു ള്ള ഭരണസംവിധാനമാണോ നിലന ിൽക്കുന്നത് എന്നിവയെല്ലാം മത -സമുദായങ്ങൾക്ക് അന്വേഷണം നടത്താവുന്ന മേഖലകളാണ്. ഈ വിലയിരുത്തലുകൾ ജനങ്ങളെ അറി യിക്കുക എന്നത് സ്വന്തം ബാധ്യത യായി അവയ്ക്ക് എടുക്കാവുന്ന തുമാണ്.

അതുപോലെ പല നിയമസഭാ പാർലമെന്റ് സാമാജികരും വ്യക്തി പരമായി അഴിമതിയിൽ നിന്ന് സ്വത ന്ത്രരാണെങ്കിലും പാർട്ടി തെറ്റായ നയപരിപാടികളുമായി മുന്നോട്ട് പോകുമ്പോൾ നീതിപൂർവ്വമായ നിലപാടെടുക്കാൻ സാധിക്കുന്ന വരല്ല. അതുകൊ് ഭരണകൂടത്തിന്റെ തെറ്റായ നയങ്ങളെ എതിർക്കുന്ന തിന്റെ ഭാഗമായി ഇത്തരം പാർട്ടി പ്രവർത്തകരുടെയും തോല്‌വി ഉറ പ്പുവരുത്തേതായി മതങ്ങൾ ചിന്തി ച്ചാൽ അതിനും പിശകുാവില്ല. എങ്കിൽ മാത്രമേ പാർട്ടിയുടെ ദുർന യങ്ങൾക്കെതിരെ പ്രതികരിക്കാൻ പ്രവർത്തകർ തയ്യാറാകൂ. അതുപോ ാലെ പാർട്ടി താല്പര്യങ്ങൾക്കുപരി യായി നിഷ്പക്ഷമാ യി കാര്യങ്ങൾ പഠിച്ച് നീതിയുടെ പക്ഷംപിടിക്കാൻ കഴിയുന്നവരായി രിക്കണം നിയമസ ഭാ-പാർലമെന്റ് സാമാജികരെന്ന് ന ിഷ്കർഷിക്കുവാ നും മതപ്രസ്ഥാന ങ്ങൾക്ക് സാധിക്കണം.

ഇന്നത്തെ സാഹചര്യത്തിൽ മതസമുദായ പിൻബലമില്ലാത്തവരെ പാർട്ടി സ്ഥാനാർത്ഥികളാക്കാനും മന്ത്രിമാരാക്കാനും രാഷ്ട്രീയപാർട്ടി കൾ തയ്യാറാകുന്നില്ല. ഒരാളെ സ്ഥാ നാർത്ഥിയോ മന്ത്രിയോ ആക്കുന്നത് അയാളുടെ സമുദായത്തിന്റെ പിന്തു ണ സർക്കാരിന് ഉറപ്പാക്കാനാണ്. അ വരുടെ നടപടിക്ക് ഇന്നത്തെ സാഹചര്യത്തിൽ നീതീകരണവും ു്. വർഗ്ഗീയത നിലനിൽക്കുന്ന സമൂ ഹത്തിൽ നിലനിൽപിന് ആവശ്യങ്ങ ളായ തന്ത്രങ്ങളാണ് ഇവയെന്നാണ് ഭാഷ്യം. ഈ പ്രവണതയ്ക്ക് ഒരു മാറ്റമുക്കാനുള്ള ശ്രമം ഇന്ന് രാഷ്ട്രീയത്തിൽ നടക്കുന്നില്ല. ഇതി നൊരു വ്യതിയാനം വരണമെങ്കിൽ മതപ്രസ്ഥാനങ്ങൾ തന്നെ ശ്രമി ച്ചാലേ നടക്കൂ.

മത-സമുദായകാര്യങ്ങൾ പ രിഗണിക്കുമ്പോൾ മേന്മയുള്ളവരെ സ്ഥാ നാർത്ഥികളാക്കാനും ജയിച്ച വരിൽ നിന്ന് ഭേദപ്പെട്ടവരെ മന്ത്രി മാരുടെ ലിസ്റ്റിൽ ഉൾപ്പെടുത്താന ും സാധിക്കാതെ വരുന്നു. ഇത്ത വണയും മ ന്ത്രിസഭ രൂപീകരിച്ച പ്പോൾ മത-ജാതി സമുദായങ്ങളുടെ ഇക്വേഷൻ സന്തുലിതമാക്കാൻ കോൺഗ്രസ് പാർട്ടി ഏറെ ഉഷ്ണി ക്കേിവന്നു. മുസ്ലീംലീഗിൽ നിന്നും കേരളാ കോൺഗ്ര ിൽ നിന്നും ആർ.എസ്.പി.യിൽ നി ന്നും മുസ്ല ീം-ക്രൈസ്തവാംഗങ്ങൾ തന്നെ പൂർണ്ണമായും മന്ത്രി സഭാംഗങ്ങ ളായപ്പോൾ കോൺഗ്രസിന് ഏക ദേശം പൂർണ്ണമായിത്തന്നെ ഹിന്ദു മതവിശ്വാസികൾക്ക് പ്രാതിനിധ്യം നൽ കേതായി വന്നു. ഇതൊരു നല്ല പ്രവണതയല്ല. സെക്കുലർ ജനാധി പത്യമൂല്യങ്ങളിൽ വിശ്വാസമുള്ള കോ ൺഗ്രസ് നൈപുണ്യവും സത്യ സന്ധതയുമുള്ളവരെ ഒഴിവാക്കി സമുദായപ്രീണനം നടത്തേിവ ന്നു. ജാതിമത കാര്യങ്ങൾക്ക് പ രിഗണനകൾ നൽകുമ്പോൾ അവ യ്ക്ക് പ്രത്യേക താല്പര്യമുള്ളവർ അധികാരക്കസേരകളിൽ എത്തിച്ചേ രും. സമുദായങ്ങൾ ക്കുവേിയല്ലല്ലോ മന്ത്രിമാർ നിയമിക്കപ്പെടുന്നത്; ന ാടിന്റെ ക്ഷേമത്തിനുവേിയല്ലേ?

ആരെ മന്ത്രിയാക്കണമെന്ന് തീരുമാ നിക്കുന്നത് നിയമസഭാസമാജികർ ഉൾപ്പെടുന്ന സമുദായങ്ങളാണ് എന്ന സ്ഥിതിയാണ് വന്നിരിക്കുന്ന ത്. ഇവിടെ ഒരു സഭ ഇന്നയാളെ തങ്ങളുടെ സഭയിൽ നിന്ന് മന്ത്രിസ ഭയിൽ ഉൾപ്പെടുത്തണം എന്ന് പര സ്യമായി നിർദ്ദേശം കൊടുത്തതായി കല്ലോ. എന്നിട്ടും ഒരു രാഷ്ട്രീയ പ ാർട്ടിയും ഈ ഇടപെടലിൽ പ്രതി കരിച്ചുകില്ല. സമുദായങ്ങൾ മന്ത്രി മാരുടെ പേരും വകുപ്പും നിശ്ചയി ക്കുന്ന സാഹചര്യത്തിലേയ്ക്ക് രാഷ് ട്രീയം മാറിയെന്ന് സൂചന!

സ്വന്തം സഭയിൽ നിന്നോ ജാതിയിൽ നിന്നോ സമുദായത്തിൽ നി ന്നോ അഴിമതിക്കാരും സൽപ്പേ രില്ലാത്തവരും അധികാര സ്ഥാനങ്ങ ളിലേയ്ക്ക് നിർദ്ദേശിക്കപ്പെടുമ്പോൾ അതി നെ പരസ്യമായി എതിർക്കാൻ അ യാൾ ഉൾപ്പെടുന്ന മതസമൂഹ ത്തിന് സാധിക്കണം. കാരണം അയാൾ നടത്തുന്ന അഴിമതിയുടെ കളങ്കം അ യാൾ അംഗമായ മത പ്രസ്ഥാനത്തി നും കൂടിയാണ്. സ്വന്തം സമുദായക്കാരെ അധികാ രസ്ഥാനങ്ങളിലെ ത്തിക്കുമ്പോഴല്ല, നേരെമറിച്ച് നീതിബോധമുള്ളവരെ ഉത്തരവാദിത്തങ്ങൾ ഏല്പിക്കുന്ന തിന് മതങ്ങൾ തയ്യാറാകുമ്പോൾ അതിന് സമൂഹത്തിൽ നഷ്ടപ്പെട്ട സ്വീകാര്യത ലഭിക്കും. മതനിരപേ ക്ഷതയ്ക്ക് ഈ നാ ട്ടിൽ വേരുപ ിടിക്കുകയും ചെയ്യും.

രാഷ്ട്രീയ രംഗത്ത് പരിചയ ക്കുറവുള്ള സഭാമേലദ്ധ്യക്ഷന്മാരെ രാ ഷ്ട്രീയ ലാക്കുള്ള അത്മായ നേ താക്കന്മാർ ഹൈജാക്ക് ചെയ്യുന്ന തായി തോന്നുന്നു. ഇത്തരം നേ താക്കളെ പ്രത്യേകം ശ്രദ്ധിക്കോ ണ്. അ വർക്ക് ഭാവിയിൽ രാഷ്ട്രീ യരംഗത്ത് പ്രവർത്തിക്കാൻ ഇടം കത്തൊനുള്ള കരുനീക്കങ്ങളാണ് ഇവിടെ നടക്കുന്നതെന്ന് തിരിച്ചറി യണം. ഇത് ആത്മീയ-വൈദീക നേതൃത്വവും വിശ്വാസസമൂഹവും മന ിലാക്കേു്.

എന്നാൽ രാഷ്ട്രീയത്തിൽ

സഭാശുശ്രൂഷയിൽ
ര് പതിറ്റാുകൾ - 14

ഡോ. തോമസ് അത്താനാസ്യോസ്

ഞാൻ മേൽപ്പട്ടസ്ഥാനത്ത് അവരോധിക്കപ്പെട്ട ശേഷം ഏറെ അദ്ധ്വാനിച്ചതും സമയം ചെലവഴിച്ച തും പല സ്ഥാപനങ്ങളും തുടങ്ങുന്നതിനും അവ വളർത്തിയെടുക്കുന്നതിനുമാണ്. സഭകൾ സ്ഥാപനവത്കരിക്കപ്പെടുന്നു എന്ന് ആക്ഷേപം ഉയരുന്ന ഈ കാലഘട്ടത്തിൽ എന്റെ ഈ നടപടിക്ക് നീതീകരണം ഉോ എന്നതിനെപ്പറ്റി ഞാൻ തുടർച്ചയായി അന്വേഷണം നടത്താറു്. സമൂഹത്തോടുള്ള സഭയുടെ ബാധ്യതകൾ വിസ്മരിക്കുവാനോ ജീവിക്കുന്നചുറ്റുപാടിലെ പ്രശ്നങ്ങൾക്കു നേരെ കണ്ണടയ്ക്കുവാനോ ഉത്തരവാദിത്തബോധമുള്ള ഒരു സഭാദ്ധ്യക്ഷന് ആവില്ല എന്നതാണ് എന്റെ ചിന്ത. അതുകൊ ് ചില ആവശ്യങ്ങളുടെയും പ്രശ്നങ്ങളുടെയും പരിഹാരത്തിന് സ്ഥാപനങ്ങളുടെ സൃഷ്ടി ആവശ്യമായി വരുന്നു. സഭാശുശ്രൂഷ കാര്യക്ഷമവും അർത്ഥവത്തുമായി നിർവ്വഹിക്കുന്നതിന് സ്ഥാപനങ്ങളുടെ നിർമ്മിതി പലപ്പോഴും അനിവാര്യമായിത്തീരുന്നു. അതായത് സഭാശുശ്രൂഷയ്ക്ക് സഹായകമായ സംരംഭങ്ങൾ ആരംഭിക്കുകയും അവ നീതിപൂർവ്വമായും നിയോഗബോധത്തോടെയും നടത്തുകയും ചെയ്യുക എന്നത് സഭയു ടെ അടിസ്ഥാനദൗത്യ നിർവ്വഹണത്തിന് അന്യമായ കാര്യമല്ല. എന്നാൽ ഇതിന് ഉതകാത്ത സ്ഥാപനങ്ങൾ നിർമ്മിക്കുന്നതിന് നീതീകരണമില്ല. ക്രിസ്തീയസഭകൾ വിദ്യാഭ്യാസ സ്ഥാപനങ്ങളും ആതുരാലയങ്ങളും കഴിഞ്ഞ കാലങ്ങളിൽ സേവനതാല്പര്യത്തോടെ ഉാക്കിയതാണ് കേരളത്തിലെ സാമൂഹിക-സാമ്പത്തിക-ആരോഗ്യ പരിപാലനരംഗത്തെ വ ളർച്ചയ്ക്ക് നിദാനമായത് എന്നത് അംഗീകരിക്കപ്പെട്ട ഒരു വസ്തുതയാണ്.

ഞാൻ കനാട് ഭദ്രാസനത്തിന്റെ ചുമതലയേറ്റ് മൂവാറ്റുപുഴയിൽ താമസം തുടങ്ങിയ കാലത്ത് ആസ്ഥാന മന്ദിരം വേത്ര അറ്റകുറ്റപ്പണിയൊന്നും നടന്ന അവസ്ഥയിലല്ലാ യിരുന്നു. അരമനപ്പള്ളിയുടെ സ്ഥി തിയും വ്യത്യസ്തമല്ലായിരുന്നു. ചുറ്റുമതിലുകളെല്ലാം ഇടിഞ്ഞുപൊളിഞ്ഞിരുന്നു. സമീപപ്രദേശങ്ങളിലുള്ള ക ന്നുകാലികളും ആടുകളുമെല്ലാം അരമന പരിസരം സ്വന്തം സാമ്രാജ്യമാക്കി സ്വൈര്യമായി കയറിയിറങ്ങിക്കൊിരുന്നു. കാടുവളർന്ന് നാലുഭാഗത്തുനിന്ന് പള്ളിമുറ്റത്തേയ്ക്ക് മത്സരിച്ച് കയ്യേറ്റം നടത്തിക്കൊുമിരുന്നു. ഇവിടെ താമസിച്ചിരുന്ന ശ്രേഷ്ഠ കാതോലിക്കാബാവ ഏറെക്കാലമാ യി ശാരീരിക അസ്വസ്ഥതയും സഹമെത്രാന്മാർ പലരിൽ നിന്ന് മാനസിക പീഡയും അനുഭവിച്ച് കഴിഞ്ഞുകൂടിയിരുന്നതുകൊ്, അരമനയുടെ സംരക്ഷണത്തിനൊന്നും ശ്രദ്ധ പതിപ്പിക്കുവാൻ അദ്ദേഹത്തിന് സാധിച്ചിരുന്നില്ല.

അരമനപ്പുരയിടം ഏകദേശം മൂന്നേക്കർ വിസ്തീർണ്ണമുള്ള സ്ഥലമാണ്. ഒരു കൊച്ചു ദേവാലയവും, അ രമനയും, ചെറിയൊരു തികയും മാത്രമായിരുന്നു കെട്ടിടങ്ങളായി ഉായിരുന്നത്. ബാക്കിയുള്ള സ്ഥലത്ത് കൃഷി-നിർമ്മാണ-വികസന പ്രവർത്തനങ്ങളൊന്നും തന്നെ നടന്നിരുന്നില്ല. അവിടവിടെയായി നിന്നിരുന്ന ചില കൊന്നത്തെങ്ങുകൾ മാത്രമാണ് ആദായ വൃക്ഷങ്ങളായി ഉായിരുന്നത്. അതിൽ പലതിന്റെയും മ ഇതിനോടകം നഷ്ടപ്പെട്ടിരുന്നു. വല്ല കള്ളന്മാരും രാത്രികാലങ്ങളിൽ ഇത്തരം തെങ്ങുകളിൽ കയറി മോഷണശ്രമം നടത്തിയാൽ മയില്ലാത്തതിനാൽ പിടിവിട്ട് താഴെ വീണ് പരിക്കുപറ്റിയാൽ അതിന്റെ ഉത്തരവാദിത്തം കൂടി ഏറ്റെടുക്കേി വരുമോ എന്ന ഭയത്തോടെയാണ് ഞാൻ പലപ്പോഴും ഉറങ്ങാൻ കിടന്നിരുന്നത്. തിര ക്കൊഴിയുമ്പോൾ അരമനപ്പള്ളിയുടെ കിഴക്കുഭാഗത്തുള്ള കുന്നിൻ

ഗുണനിലവാരവും സമർപ്പണവും ഉള്ളതും സമൂഹത്തോട് പ്രതിബദ്ധതയുള്ളതുമായ നേതൃത്വനിരയെ സൃഷ്ടിക്കുവാൻ മതപ്രസ്ഥാനങ്ങൾക്കും സാധിക്കുന്ന കാര്യമാണ്. രാഷ്ട്രീയത്തിൽ താല്പര്യവും നേതൃഗുണവും മൂല്യബോധവുമുള്ള ചെറുപ്പക്കാരെ ക ത്തി അവർക്ക് ജാതി-മത പരിഗണനകൾ കൂടാതെ പരിശീലനം നൽകുവാനും ഉയർത്തിക്കൊുവരുവാനും സഭയ്ക്കും സമുദായത്തിനും സാധിക്കുന്ന കാര്യമാണ്. സംശുദ്ധമായ ഒരു രാഷ്ട്രീയ സംസ്ക്കാരം രൂപപ്പെടുത്തുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുവാനും മതങ്ങൾക്ക് സാധിക്കും. അതല്ലാതെ സീറ്റിന് വിലപേശലും സമുദായാംഗങ്ങളുടെ സ്ഥാനാർത്ഥി ത്വം ഉറപ്പാക്കലും സ്വന്തം സമുദായത്തിലെ അംഗങ്ങൾ അഴിമതിക്കാരാണെങ്കിൽ പോലും മന്ത്രിസഭയിൽ ബർത്ത് ശരിപ്പെടുത്തലും ഒന്നുമല്ല മതങ്ങളുടെ താല്പര്യം. ഇതിനു വിരുദ്ധമായ നിലപാടുകളാണ് മതപ്രസ്ഥാനങ്ങൾ എടുക്കുന്നതെങ്കിൽ ഒരിക്കലും സെക്യുലറിസം ഈ നാട്ടിൽ വേരുപിടിക്കുകയില്ല, ജനാധിപത്യം യാഥാർത്ഥ്യമാവുകയുമില്ല. ആരോഗ്യമുള്ള ഒരു ജനാധിപത്യസംവിധാനം ഈ നാട്ടിൽ രൂപപ്പെടണമെങ്കിൽ വർഗ്ഗീയതയിൽ നിന്ന് നമ്മുടെ സമൂ ഹം സ്വതന്ത്രമായാലേ

ചെരുവിൽ കയറി പടിഞ്ഞാറോട്ട് തിരിഞ്ഞ് തലയ്ക്ക് കയ്യുംകൊടുത്ത് ദീർഘസമയം ചിന്താവിഷ്ടനായി ഇരിക്കുന്നത് എന്റെയൊരു ശീലമായിത്തീർന്നിരുന്നു. ഇതെല്ലാം എങ്ങനെയൊന്ന് ശരിപ്പെടുത്തിയെടുക്കാം എന്ന ചിന്തയാ ണ് എന്നെ അലട്ടിയിരുന്നത്. എന്തുചെയ്യണം, എവിടെ തുടങ്ങണം, ആ രു് സഹായിക്കാൻ, ഇങ്ങനെപോ യി എന്റെ അന്വേഷണവും, ആത്മഗതവും, ഉത്കണ്ഠയുമെല്ലാം. ഇരുട്ട് പരക്കുമ്പോഴാണ് എന്തെങ്കിലും ചെയ്യാമെന്നുറച്ച് എഴുന്നേറ്റ് അരമനയിലേയ്ക്ക് പോരാറുായിരുന്നത്.

അരമനയുടെ സ്ഥാനം എം.സി. റോഡിനോടു ചേർന്ന് മൂവാറ്റുപുഴ പട്ടണത്തിന്റെ ഹൃദയഭാഗത്തുതന്നെ. വളരെ വിലപിടിപ്പുള്ള ഒരു ഭൂമിയാണിത്. പത്തൊൻപതാം നൂറ്റാിന്റെ അന്ത്യദശകത്തിൽ അന്നത്തെ കനാട് ഇടവകയുടെ മെത്രാപ്പോലീത്ത മുറിമറ്റത്തിൽ തിരുമേനിയാണ് ഈ സ്ഥലം സഭയ്ക്കുവേി സമ്പാദിച്ചത്. അദ്ദേഹത്തിന്റെ ദീർഘദൃഷ്ടി ഈ നടപടിയിൽ പ്രകടമായിരുന്നു. ഈ ഭദ്രാസനത്തിൽ ഏത് പള്ളിയിലും റോഡുമാർഗ്ഗം ചെന്നെത്തുന്നതിന് ഇതിലേറെ സൗകര്യപ്രദമായ ഒരു സ്ഥലം ഇല്ല. അതുപോലെ തന്നെ തിരുവനന്തപുരം മുതൽ അങ്കമാലി വരെ കേരളത്തില പ്രധാന പട്ടണങ്ങളെ ബന്ധിപ്പിച്ചു കൊുപോകുന്ന എം.സി. റോഡിനോടു ചേർന്ന് സ്ഥലം വാങ്ങിയത് വളരെ ബുദ്ധിപൂർവ്വമായ ഒരു നടപടിയായിരുന്നു. കനാട് ഭദ്രാസനത്തിന്റെ ആസ്ഥാനം ഇവിടെ ഉാക്കണം എന്നായിരുന്നു അദ്ദേഹത്തിന്റെ കണക്കുകൂട്ടൽ. എന്നാൽ വാർദ്ധക്യത്തിൽ എ ത്തിയ അദ്ദേഹത്തിന് ഇവിടെ എന്തെങ്കിലും തുടങ്ങിവയ്ക്കാനായില്ല. അദ്ദേഹത്തിന്റെ കാലശേഷം ഈ ഭദ്രാസനത്തിന്റേതായ ഒരു മെത്രാപ്പോലീത്ത ഏറെക്കാലത്തേയ്ക്ക് ഉായിരുന്നില്ല. അതുകൊ് സമീപവാസികളു ടെ കയ്യേറ്റത്തിന് വിധേയമായി വേ ത്ര പരിചരണമൊന്നും കിട്ടാതെ ഉപേക്ഷിക്കപ്പെട്ട നിലയിലായിരുന്നു ഈ ഭൂമി. 1927 ൽ ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്ത വാഴിക്കപ്പെട്ട് ഭദ്രാസനച്ചുമതല ഏറ്റെടുത്തു. കുറെക്കാലത്തേയ്ക്ക് അദ്ദേഹത്തിന്റെ ശ്രദ്ധയും ഇവിടെ പതിഞ്ഞില്ല. 1930 കളുടെ മധ്യത്തിൽ മൂവാറ്റുപുഴയിൽ അന്നുായിരുന്ന സ ഭാംഗങ്ങൾ പൂക്കുന്നേൽ അവിരാ പൗ ലോസ് അച്ചന്റെ നേതൃത്വത്തിൽ ഇ വിടെ ഒരു ദേവാലയനിർമ്മാണത്തിന് ശ്രമം നടത്തി. തല്ഫലമായി 1937 ൽ ഒരു കൊച്ചുപള്ളി ഇവിടെ പണി പൂർത്തിയാക്കി. ജോലിക്കും കച്ചവടത്തിനുമായി പട്ടണത്തിൽ എത്തിയവരായിരുന്നു ആദ്യകാല വിശ്വാസസമൂഹം. 1941 ൽ തീമോത്തിയോസ് തിരുമേനി സെയ്ന്റ് തോമസ് കത്തീഡ്രൽ എന്നപേരിൽ നാമകരണം ചെയ്ത് ഈ ദേവാലയത്തിന്റെ പ്രതിഷ്ഠാ കർമ്മം നടത്തി. പള്ളിയുടെ തെക്കുപടിഞ്ഞാറുഭാഗത്ത് എം.സി. റോഡിനോടു ചേർന്ന് ലളിതമായ ഒരു താമസസൗകര്യം ഉാക്കി തിരുമേനി അവിടെ പാർക്കുവാനും ആരംഭിച്ചു.

ഭിന്നിച്ചു നിന്നിരുന്ന മലങ്കരസഭയുടെ ഐക്യം ലക്ഷ്യമാക്കി നടത്തിയ ആലുവ വട്ടമേശ സമ്മേളനം പൊളിഞ്ഞതോടെ സഭയുടെ പൊതുവായ ഒരു ഐക്യസാധ്യതയിൽ വി ശ്വാസം നഷ്ടപ്പെട്ട് തീമോത്തിയോസ് തിരുമേനി തന്റെ ഭദ്രാസനത്തെ കാ തോലിക്കേറ്റുമായി യോജിപ്പിക്കുന്നതിന് ആലോചിച്ചു. 1943 ൽ മൂവാറ്റുപുഴ അരമന ചാപ്പലിൽ ചേർന്ന കനാട് ഭദ്രാസനപള്ളി പ്രതിപുരുഷയോഗം അദ്ദേഹത്തിന്റെ ഈ നീക്കത്തിന് പിന്തുണ നൽകി. എന്നാൽ ലഭിച്ച പിന്തുണ പ്രയോഗത്തിലാക്കുവാൻ അദ്ദേഹത്തിന് സാധിച്ചില്ല. ഐക്യത്തിന് യോഗത്തിൽവച്ച് സഹകരണം അറിയിച്ച പ്രതിനിധികൾ ഓരോരുത്തരായി പിന്നോട്ടുമാറി. പ ള്ളികൾ ഓരോന്നായി അദ്ദേഹത്തെ കൈവെടിഞ്ഞു. തിരുമേനി ഏകദേ ശം ഭദ്രാസനത്തിൽ ഒറ്റപ്പെട്ട നിലയിലായി. കാതോലിക്കേറ്റിൽ നിന്ന് കിട്ടിക്കൊിരുന്ന ഭക്ഷണത്തിനുള്ള സാധനങ്ങളും നേരിയ സാമ്പത്തിക സഹായങ്ങളും ആയിരുന്നു ഈ സമയത്ത് അദ്ദേഹത്തിന്റെ പ്രധാന വരുമാനം. തിരുമേനിയോട് ആത്മാർത്ഥത പുലർത്തിയിരുന്ന ചുരുക്കും ചില വ്യക്തികളും അദ്ദേഹത്തെ സഹായിച്ചിരുന്നു. സാമ്പത്തിക ഞെരുക്കവും തന്റെ നേതൃത്വം അംഗീകരിച്ചിരുന്ന ഭദ്രാസന സമൂഹത്തിൽ നിന്നുള്ള ത ന്റെ ഒറ്റപ്പെടലും അദ്ദേഹത്തെ ശരി ക്കും ഒരു പ്രതിസന്ധിയിലെത്തിച്ചു. മലങ്കരസഭ വിട്ട് കത്തോലിക്കാസഭയിൽ ചേർന്നാലോ എന്നുപോലും ഒരു ഘട്ടത്തിൽ അദ്ദേഹം ഗൗരവമായി ചിന്തിച്ചിരുന്നതായിട്ടാണ് അദ്ദേഹത്തോട് അടുപ്പമുായിരുന്നവരിൽ നിന്ന് അറിയുന്നത്. കഴിഞ്ഞുകൂടുവാൻ കഷ്ടിച്ച് ലഭിക്കുന്ന ഭൗതീക വിഭവങ്ങൾ കൊുമാത്രം കഴിവും പ്രവർത്തനശേഷിയും ഉള്ള അദ്ദേഹത്തിന് തൃപ്തനായി കഴിയുവാൻ സാധിക്കുക എത്ര പ്രയാസമായിരുന്നിരിക്കണം എന്ന് ചിന്തിക്കാവുന്നതാണ്. ഭക്ഷണത്തിനും ഉപജീവനത്തിനുമുള്ള വക ഉറപ്പിക്കുന്നതിനും അല്ലല്ലോ സഭാശുശ്രൂഷയെപ്പറ്റി ചിന്തയുള്ള ഒരാൾ മെത്രാനാകുന്നത്. ഐ ക്യത്തെപ്രതി നിലപാടെടുത്തതോടെ പൂർണ്ണമായും തന്നെ ഈ ഭദ്രാസനത്തിൽ വേരുകൾ പറിഞ്ഞ അദ്ദേഹത്തിന് എപ്പിസ്കോപ്പൽ ശുശ്രൂഷകൾ നിവർത്തിക്കുന്നതിന് ഒഴിവുവന്ന മറ്റേതെങ്കിലും ഒരു ഭദ്രാസന ഇടവകയുടെ സ്ഥിരം ചുമതല നൽകുവാൻ സഭാധികാരികൾ ശ്രദ്ധിച്ചില്ല. ഈ അവഗണനയിൽ നീകാലം കഴിച്ച അദ്ദേഹത്തിന്റെ ഐതര്യാനുഭവത്തിന്റെ തീവ്രത മന ിലാക്കുവാൻ അധികം ആരും ഉായിരുന്നില്ല. ഇത് തന്റെ ശുശ്രൂഷയ്ക്ക് മറ്റെവിടെയെങ്കിലും ഇടം തേടേതുാേ എന്നതിനെപ്പറ്റി അന്വേഷിക്കാൻ പ്രേ രണ നൽകിയെങ്കിൽ അതിൽ അത്ഭുതപ്പെടേതില്ല.

എങ്കിലും മലങ്കരസഭയോടുള്ള അദ്ദേഹത്തിന്റെ സ്നേ ഹം തന്നെ വിജയിച്ചു. സഭയുടെ ആവശ്യ ത്തിനുവേ ആരാധനാക്രമങ്ങളുടെ തർജ്ജമ നിർവ്വഹിച്ചും വൈദീക വിദ്യാർത്ഥികൾക്ക് അഭ്യസ നം നൽകിയും സഭയോടുള്ള പൂർണ്ണ വിശ്വസ്തതയിൽത്തന്നെ അദ്ദേഹം തന്റെ പരിമിതമായ ജീവിതസാഹ ചര്യങ്ങളിൽ ഇവിടെ കഴിഞ്ഞുകൂടി.

1958-ൽ സഭാ യോജിപ്പുായ തോടെ ഒരുകാലത്ത് പിൻവലി ഞ്ഞവർ പലരും സഹായഹസ്ത വുമായി മുന്നോട്ടുവന്നു. അതോടെ തന്റെ കിടപ്പാടം ഒന്ന് ഭേദപ്പെടു ത്തുവാൻ അ ദ്ദേഹം ആഗ്രഹി ച്ചു. അതിന്റെ ഫലമായി ഇന്നു കാണുന്ന അരമനക്കെട്ടിടത്തിന്റെ ആദ്യഘട്ടം പൂർത്തിയാക്കി സഭൈ ക്യത്തിന്റെയും സഭാമേലദ്ധ്യക്ഷ ന്മാരുടെ പരസ്പര സ്വീകരണ ത്തിന്റെയും സ്മരണയ്ക്കായി പ ു തിയ അരമന പ്രതിഷ്ഠിച്ചു. 1964 ൽ തീമോത്തിയോസ് തിരുമേനി കാതോലിക്ക സ്ഥാനത്തേയ്ക്ക് ഉയർത്തപ്പെടുകയും പൗലോസ് മാർ പീലക്സിനോസ് തിരുമേനി മല ങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ക നാട് ഭദ്രാസനത്തിന്റെ ഏക മെത്രാപ്പോലീത്തയായി അവ രോധിക്കപ്പെട്ട് മൂവാറ്റുപുഴ അരമന യിൽ താമസമാക്കുകയും ചെയ്തു. ഈ കാലഘട്ടത്തിൽ അരമനയുടെ രാംഘട്ടത്തിന്റെ നിർമ്മാണം പ ൂർത്തിയാക്കി. കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോ ളേജ്, മെഡിക്കൽ മിഷൻ ആശുപത്രി എന്നീ സ്ഥാപ നങ്ങളെല്ലാം ഈ ഭദ്രാസനത്തിന്റെ അതിർത്തിക്കുള്ളിൽ ഉയർന്നുവ ന്നതും ഈ സമാധാന കാലഘട്ട ത്തിൽത്തന്നെയായിരുന്നു.

മലങ്കരസഭയിൽ 1970 കളുടെ ആരംഭത്തിൽ രൂപം പ്രാപിച്ച് പ ിളർപ്പ് 1975 ൽ ഏകദേശം പൂർത്തി യായി. ഈ വിഭജനത്തിന്റെ ആദ്യ ഘട്ടത്തിൽ കനാട് ഭദ്രാസനം പങ്കു ചേരാതെ മാറിനിന്നെങ്കിലും പ ിന്നീട് നിലപാട് മാറ്റി. 1958 നു മുൻപ ുള്ള കാലഘട്ടത്തിൽ പൊതുവേ ഇവിടെ പാത്രിയർക്കീസു കക്ഷി ശക്തമായി നിന്നതിനാൽ ഈ പ ിളർപ്പിലും ജനങ്ങളിൽ ബഹുഭൂ രിപക്ഷവും ആ പക്ഷത്തേയ്ക്ക് ചാഞ്ഞു. വൈദീകരിലും ഒരു വലി യപങ്ക് പാത്രിയർക്കീസ് കക്ഷി യോട് ആഭിമുഖ്യം പുലർത്തി. ആ സാഹചര്യത്തിൽ മുൻകാലത്ത് പാ ത്രിയർക്കീസ് വിഭാഗത്തിൽ പെട്ടി രുന്ന പീലക്സിനോസ് തിരുമേനി ആദ്യമൊന്നു മടിച്ചു നിന്നെങ്കിലും പ ിന്നീട് ആ ഭാഗത്തുതന്നെ നിലയുറ പ്പിച്ചു. 1975 ൽ അദ്ദേഹം പാത്രിയർ ക്കീസ് അനുകൂലവിഭാഗത്തിന്റെ കാ തോലിക്കയായി അവരോധിക്കപ്പെ ട്ടു. അങ്ങനെ മൂവാറ്റുപുഴ അരമന ആ കക്ഷിയുടെ തലസ്ഥാനവും ശ്രേഷ്ഠ കാതോലിക്കാബാവയുടെ ആസ്ഥാന മന്ദിരവുമായിത്തീർന്നു. സംഘർഷഭരിതമായ നാളുകളാ യിരുന്നു അദ്ദേഹത്തിന്റെ സഭാഭര ണകാലഘട്ടം. അതുകൊ് അരമന സംവിധാനത്തിന്റെ വികസനത്തി നൊന്നും പ്രത്യേക ശ്രദ്ധ ചെലു ത്തുവാൻ അദ്ദേഹത്തിന് ആയില്ല.

1990 മെയ് മാസം 3-ാം തീയതി അരമനയുടെ തെക്കുവശത്ത് എം. സി. റോഡിനോട് ചേർന്നുള്ള സ്ഥലം തെളിച്ചെടുത്തായിരുന്നു എന്റെ സ്ഥാ നാരോഹണത്തിന് വേദി സൃഷ്ടിച്ചത്. എന്റെ മെത്രാൻവാഴ്ച കഴിഞ്ഞ് വൈ കാതെ തന്നെ പന്തലി ട്ടിരുന്ന സ്ഥല ത്ത് വീും കാട് വളരുവാൻ തുടങ്ങി. ഇതെന്നെ അസ്വസ്ഥനാക്കി. റോഡിലൂടെ പേ ാകുന്നവർക്ക് മറ്റുള്ളവരുടെ ശ്രദ്ധ പതിയാതെ മലമൂത്ര വിസർജ്ജന കാര്യങ്ങൾ നിർവ്വിഘ്നം നടത്താ വുന്ന ഇടമായിത്തീർന്നു. ഇത് ഒരു ജീവകാരുണ്യപ്രവർത്തനമായി പരി ഗണിക്കാമെങ്കിലും ഇല്ലെങ്കിലും ഇത് മാത്രമായിരുന്നു സ്ഥലം കൊ ുള്ള ഏക ഉപയോഗം. അതുകൊ ് ഈ സ്ഥലം എന്തെങ്കിലും കുറെക്കൂടി ഭേദപ്പെട്ട രീതിയിൽ ഉപയോഗപ്പെടു ത്തുവാനുള്ള സാധ്യത ആരാഞ്ഞു. വ്യാപാരമന്ദിരംപോലെ എന്തെ ങ്കിലും വരുമാനം സൃഷ്ടിക്കുന്ന ഒരു സ്ഥാപനമുാക്കി ഭദ്രാസനത്തിന്റെ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായമേകാൻ കഴിയുമോ എന്നാ യിരുന്നു എന്റെ ചിന്ത.

ആദ്യമായി അരമനയുടെ മു മ്പിൽ അവഗണിക്കപ്പെട്ട നിലയിലാ യിരുന്ന താമരക്കുളം നന്നാക്കുവാൻ തീരുമാനിച്ചു. ഇടവകയിലെ ചെറു പ്പക്കാരായ കുറച്ചുപേരുടെ സഹ കരണത്തോടെ ചുറ്റുമതിൽ കെട്ടി അത് മനോഹരമാക്കി. അരമന മുറ്റത്ത് കാലങ്ങൾക്കുശേഷം ഈ നിർമ്മാണ പ്രവർത്തനം ഒരു വ്യതി യാനത്തിന് നാന്ദിയായി മാറി. പി ന്നീട് നിലമ്പൂർ നിന്നും നിക്കോളാ വോസ് തിരുമേനിയുടെ സഹോദരൻ അഡ്വ. പി.ജി. മാത്യു തന്നയച്ച കുറെ തേക്കിൻതൈകൾ പള്ളിയുടെ കിഴ ക്കുവശത്തുള്ള സ്ഥലത്ത് വച്ചുപ ിടിപ്പിച്ചു. എന്നാൽ കൂപ്പ് തേക്കിന്റെ തൈകൾ ആയിരുന്നതിനാൽ ചെറ്റ യായി (ഈ പദം കേരളത്തിൽ എവി ടെയെങ്കിലും അശ്ലീലവാക്കായി ഉപ യോഗിക്കുന്നോ എന്നറിയില്ല. മേൽ മണ്ണ് നഷ്ടപ്പെട്ട് അവശേഷിക്കുന്ന ചുവന്ന മണ്ണും ചരലും ചേർന്ന ഭൂമി യെയാണ് ഈ വാക്കുകൊ് ഉദ്ദേശിച്ച ത്) തീർന്നിരുന്ന സ്ഥലത്ത് വേ ത്ര വളർച്ച കിട്ടിയില്ല. പിന്നീട് വീട്ടിൽ ന ിന്നും ഞാൻ കുറെ മഹാഗണിയുടെ തൈകൾ കൊുവന്ന് കൂടെയുായി രുന്ന ശെമ്മാശന്മാരുടെയും ഇടവക യിലെ കൊച്ചു കപ്യാരായി അരമന യിൽ താമസിച്ചിരുന്ന ബിജുവിന്റെ യും സഹകരണത്തോടെ നട്ടു. തൈ കൾ വലുതായി വിൽക്കുമ്പോൾ അ വർക്ക് ലഭിക്കാവുന്ന സാമ്പത്തീക നേട്ടങ്ങളെപ്പറ്റിയുള്ള മോഹനവാഗ് ദാനങ്ങൾ നൽകി പ്രലോഭിപ്പിച്ചായി രുന്നു അവരുടെ സഹകരണം നേടി യത്. ഇന്ന് അരമന പുരയിടത്തിൽ ഇടതൂർന്ന് നിൽക്കുന്ന മഹാഗണി, തേക്കുമരങ്ങളുടെ ഉല്പത്തി അങ്ങ നെയായിരുന്നു.

എം.സി. റോഡിനോട് ചേർന്ന് മുൻപ് പരാമർശിച്ച സ്ഥലത്ത് ഒരു വ്യാപാരസമുച്ചയം നിർമ്മിക്കുവാന

ും അതുവഴി സാമ്പത്തിക കാര്യ ത്തിൽ ഒരു പരിധിവരെ സ്വയം പ ര്യാപ്തത കൈവരിക്കുവാനുമാ യിരുന്നു അടു ത്ത ശ്രമം. വ്യാപ ാര-കൃഷി സംരംഭങ്ങൾ വഴി സഭ യുടെ ദൗത്യനിർവ്വഹണത്തിന് വേിവരുന്ന സാമ്പത്തിക ബാദ്ധ്യ തയ്ക്ക് പരിഹാരം കത്തെുവാൻ സാധിക്കണമെന്നും ജീവകാരുണ്യ പ്രവർത്തനങ്ങളുടെ പേരിൽ കച്ച വടം നടത്തി സമ്പത്ത് സൃഷ്ടി ക്കുന്ന രീതി അധർമ്മം എന്നുമാണ് എന്റെ നീതിബോധം എനിക്കു തന്ന ചിന്ത. കൂടാതെ നഗരമദ്ധ്യ ത്തിൽ ഒന്നാന്തരം ഭൂമി കാടുപിടിച്ചു കിടക്കുവാൻ അനുവദിച്ചതിലുള്ള അപമാനത്തിൽ നിന്ന് രക്ഷപെടു കയും ചെയ്യാമല്ലോ എന്ന് കരുതി. നിർമ്മാണപ്രവർത്തനം ആരംഭി ച്ചപ്പോഴേയ്ക്കും അന്ന് എതിർപ ാളയത്തിലുായിരുന്ന (ഇന്ന് എന്റെ സ്വന്തം സഹോദരൻ) മാത്യൂസ് മാർ സേവേറിയോസ് തിരുമേനി കെട്ടിടം പണി തടയാൻ കോടതിയിൽ അഭയ പ്പെട്ടു. ഭൂമിവികസനത്തിന് ശ്രമിക്കു മ്പോൾ അതിനെ തട പ്പെടുത്തേില്ല എന്ന അദ്ദേഹത്തിന്റെ വക്കീലിന്റെ ഉപദേശം ചെവിക്കൊള്ളാതെയാ യിരുന്നു ഈ നീക്കം. പ്രത്യേകം തൊഴിലൊന്നും ഇല്ലാതെയിരുന്ന ഏതോ വിശ്വാസികളെ സംഘടി പ്പിച്ചായിരുന്നു കേ ് കൊടുത്തത്. അതുകൊ് സാങ്കേതികമായി പ റഞ്ഞാൽ തിരുമേനിക്ക് ഇതിൽ പ ങ്കൊന്നുമുായിരുന്നില്ല. സ്വയമായി മാന്തിയാൽ പൊള്ളും എന്നറിയാ മെന്നിടത്ത് കയ്യിടാൻ ഏതെങ്കിലും കുട്ടിക്കുരങ്ങുകളെ ഉപയോഗപ്പെ ടുത്തുക എന്ന സ്ഥിരം പ തിവ് ഇവിടെയും പ്രയോഗിച്ചുവെന്നു മാത്രം. അദ്ദേഹത്തിന്റെ ഭദ്രാസന മാസികയിൽ വരുന്ന ചില വികട രചനകൾക്കുവേി മേൽപ്പറഞ്ഞ ഇന ത്തെയാണല്ലോ ഇന്നും ഉപയോഗി ക്കുന്നത്. ആത്മാഭിമാനമില്ലാത്തവർ ഇന്നും ധാരാളം ഉള്ളതുകൊ് ഏത് വേഷവും കെട്ടാൻ ആളെ കിട്ടും. സഹതാപം അർഹിക്കുന്ന ഇത്തര ക്കാരെ പരിഹസിക്കുന്നത് എന്റെ ശീലമല്ലാത്തതുകൊ് അതവിടെ ന ിൽക്കട്ടെ. സ്വാഭാവം ജനിതകമാണ്. അത് മാറ്റാൻ പ്രയാസം. സംസ്ക്കാ രമാകട്ടെ ആർജ്ജിതമാണ്. അത് മാറണമെങ്കിൽ സത്ബുദ്ധിയും നല്ല സു ഹൃത്‌വലയവും ഉാകണം.

തർക്കഭൂമിയിൽ എന്തിന് ധന നിക്ഷേപം നടത്തി കെട്ടിടം പ ണിയണം എന്നായിരുന്നു എന്റെ കൂടെയുള്ളവരുടെ വാദം. ഞാൻ അവരോട് വി യോജിച്ചു. നാം ഇത്രയും വിലകൂടിയ ഭൂമി തരി ശായി ഇട്ടുകൂടാ. ഇത് പ്രത്യുല്പ ാദനപരമായി ഉപയോഗപ്പെടുത്ത ണം. വ്യവഹാരത്തിൽ കെട്ടിടം സേ വേറിയോസ് തിരുമേനിക്ക് കിട്ടണം എന്ന് വിധിയുായാൽ അത് അ ദ്ദേഹം എടുക്കട്ടെ. അദ്ദേഹത്തിന് അങ്ങനെയെങ്കിലും ഒരു സന്തോഷ മുാക്കുവാൻ നമുക്ക് സാധിക്കുമ ല്ലോ എന്നായിരുന്നു എന്റെ പക്ഷം. ഏതായാലും കെട്ടിടം പണി തട യാനുള്ള അദ്ദേഹത്തിന്റെ കേ ് കോട തി തള്ളി. കെട്ടിട നിർമ്മാണം ഘട്ടംഘട്ടമായി പൂർത്തിയാക്കുകയ ും ചെയ് തു. കെട്ടിടം പണി തടയാ നാകാത്തതിലും പണിത കെട്ടിടം സ്വന്തമാക്കാൻ സാധിക്കാത്തതിലും അദ്ദേഹത്തിന് വ്യഥയുായെങ്കിൽ അത് ഉാക്കണമെന്ന് ഞാൻ മന:പ ൂർവ്വം ചിന്തിച്ച് ചെയ്തതല്ല എന്ന് സ്നേഹപൂർവ്വം അറിയിക്കട്ടെ.

ഏതയായാലും ഇന്ന് ഏക ദേശം മുപ്പതിനായിരം ചതുരശ്രഅടി വിസ് താരവും മൂന്നുകോടി രൂപ വിലമതിപ്പുമുള്ള കെട്ടിട സമുച്ചയം പൂർത്തിയാക്കുവാൻ ഇരുവശങ്ങ ളിൽ നിന്നുമുായ നിയമ-ബലപ്ര യോഗ കസർ ത്തുകളുടെ മദ്ധ്യ ത്തിൽ സാധിച്ചത് ദൈവത്തിന്റെ ഒരു പ്രത്യേക പരിപാലനമായി ഞാൻ കാണുന്നു. നവ പാത്രിയർക്കീസ് കക്ഷിക്കാർ അവരുടെ സ്വാഭാവിക മായ അക്രമ പ്രവർ ത്തനങ്ങളിലൂടെ ഇവിടെ ഒന്നും നേടുകയില്ല എന്ന് തിരിച്ചറിഞ്ഞുവെന്ന് തോന്നുന്നു. ഏതായാലും സഹോദരമെത്രാപ്പോ ലീത്ത ഞാൻ സഭാഭരണഘടന സ്വീകരിച്ച ശേഷവും കേസുകൾ സൃഷ്ടിക്കുന്നതിൽ വ്യാപൃതനായി രുന്നു. ഈ കേസുകൾ ഒന്നുംത ന്നെ പിൻവലിച്ചിട്ടില്ലായെങ്കിലും അവ ഇനി നേട്ടമുാക്കുകയില്ല എന്ന് തി രിച്ചറിഞ്ഞതുകൊാകണം കുറെകാ ലമായി ഈ കേസുകളൊന്നും കു ത്തിപ്പൊക്കുന്നതായി അറിയുന്നില്ല.

കെട്ടിടത്തിന്റെ ഒന്നാം നില യിൽ കടമുറികൾ, രാം നിലയിൽ ബാ ങ്ക്-ഓഫീസുകൾ, മൂന്നാംനില യിൽ ഭക്ഷണ-സമ്മേളന ഹാളുകൾ എന്നിങ്ങനെയാണ് പണി തീർത്തി രിക്കുന്നത്. ഏതായാലും സമയത്ത് ഇതിന്റെ നിർമ്മാണം പൂർത്തിയാ ക്കാൻ കഴിഞ്ഞതുകൊ് മുൻകാലത്ത് സഭൈക്യത്തിന് നിലപാടെടുത്ത തീമോത്തിയോസ് തിരുമേനിക്കു ായ സാമ്പത്തിക ഞെരുക്കത്തിന്റെ തീവ്രത ദൈവസഹായത്താൽ എന ിക്ക് അനുഭവിക്കേിവന്നില്ല. കെട്ടിടം പണിയുടെ കടബാദ്ധ്യത ഇതുവ രെയും തീർന്നില്ല എങ്കിലും ഭദ്രാസ നത്തിന്റെ ഭരണനിർവ്വഹണത്തിന ും ശുശ്രൂഷാ സംവിധാനത്തിന്റെ നടത്തിപ്പിനും ആവശ്യമായ സാമ്പ ത്തിക സുരക്ഷിതത്വം ഏറെക്കുറെ സൃഷ്ടിക്കുവാൻ സാധിച്ചു.

ഈ ആസ്ഥാനവും സ്ഥലവും നഷ്ടപ്പെട്ടുപോയതിനെപ്പറ്റി പുതു തായി രൂപം കൊ പാത്രിയർക്കീസ് കക്ഷി ഇന്നും വിലപിച്ചുകേൾക്കാറു്. ഇതിന്റെ ആവശ്യം ു് എന്ന് തോന്നു ന്നില്ല. ഈ സ്ഥലം മുറിമറ്റത്തിൽ തിരുമേനി മലങ്കരസഭയ്ക്കുവേി സമ്പാദിച്ചതാണ്. ഇവിടെ നടന്ന നിർമ്മാണ പ്രവർത്തനങ്ങൾ വലി യപങ്കും ഞാൻ ചുമതലയേറ്റതിൽ

ബുള്ളറ്റിൻ വരിസംഖ്യ നിരക്ക്

2 വർഷത്തേക്ക്	- 100 രൂ.
ആയുഷ്ക്കാലം	- 1000 രൂ.
വിദേശത്ത്	- 4000 രൂ. (100 ഡോളർ)

വരിസംഖ്യാ കാലാവധി തീർന്നവർ പുതുക്കുക.

പിന്നെയാണ് ംനടന്നത്. ബാക്കിയുള്ള വികസന നിർമ്മാണപ്രവർത്തനങ്ങൾ ഔഗേൻ തിരുമേനിയും, സമാധാനകാലത്ത് പീലക്സിനോസ് തിരുമേനിയും നടത്തിയിട്ടുള്ളതാണ്. അതുകൊ് വസ്തുവിന്റെ പേരി ലോ അദ്ധ്വാനത്തിന്റെ പേരിലോ ഈ സ്ഥലത്ത് ഒരു പാത്രിയർക്കീസ് വിഭാഗബന്ധം ഇല്ലായെന്ന് തിരിച്ചറിയുന്നത് നല്ലതായിരിക്കും.

അരമനപ്പള്ളിയിൽ സ്ഥിരമായി വൈദീകർ ചുമതലയേറ്റതോടെ അ തിന്റെ പുരോഗതിയും ആരംഭിച്ചു. പള്ളിയുടെ മദ്ബഹായും പൂമുഖവും സസേ്കൂൾ കെട്ടിടവും പണിതീർ ന്നിട്ട് അധികം കാലമായില്ല. സജി തോമസ് അച്ചൻ, എ. ടി. എബ്രാഹാം അച്ചൻ, കാഞ്ഞിരംപാറ മാത്യൂസ് അച്ചൻ എന്നിവരുടെ സേവനകാലത്താണ് നിർമ്മാണ പ്രവർത്തനങ്ങൾ മിക്കവാറും നടന്നത്. സെമിത്തേരിയിൽ ഒരു ചാപ്പലും പണി പൂർത്തിയാക്കി. പള്ളി ചെറുതായതിനാൽ ആ രാധനയ്ക്ക് തിരക്കൊഴിവാക്കുവാനും ഇടവകാംഗങ്ങളുടെ സൗകര്യത്തെപ്രതിയും ഞായറാഴ്ചകളിൽ ര് പ്രാവശ്യം കുർബ്ബാന നടത്തുന്നതിനുള്ള ക്രമീകരണവും ചെയ്തു. അരമനപ്പള്ളിയിൽ ഇടവകക്കാരുടെ അം ഗസംഖ്യ വർദ്ധിച്ചതിനാലും പള്ളിയുടെ ജീർണ്ണാവസ്ഥ പരിഗണിച്ചും കാലത്തിന് അനുസൃതമായ ഒരു ദേവാലയം നിർമ്മിക്കണം എന്ന ആ വശ്യം ഇടവകാംഗങ്ങളിൽ നിന്നുായി. അത് പരിഗണിച്ച് അർമീനിയൻ കാതോലിക്കോസ് ആരാം ഒന്നാമൻ ബാവാ ഭദ്രാസന ആസ്ഥാനം സന്ദർ ശിച്ച സമയത്ത് പുതിയ പള്ളിക്ക് ശിലാസ്ഥാപനം നടത്തി. മനോഹരമായ ഒരു പുതിയ ദേവാലയം നിർമ്മിക്കുന്നതിന്റെ ശ്രമത്തിലാണ് ഇടവകാംഗങ്ങൾ. ഇതിനോടകം അരമനപ്പള്ളിയുടെ ചുറ്റുമതിൽ പണിതീർത്തു. ഷോപ്പിംഗ് കോംപ്ലെക്സും അരമനയും വേർതിരിക്കുന്ന 220 അടി നീളവും 22 അടി ഉയരവുമുള്ള സംരക്ഷണഭിത്തിയും പണിതു തീർത്തു. അരമനയുടെ അറ്റകുറ്റപ്പണികളും ചെ യ്ത് വാസയോഗ്യമാക്കിത്തീർത്തു. ഭദ്രാസന ഓഫീസ് അരമനയിൽ നി ന്ന് ഷോപ്പിംഗ് കോംപ്ലെക്സിലേയ്ക്ക് മാറ്റുകയും ചെയ്തു. ഭദ്രാസന സെക്രട്ടറിമാരായിരുന്ന ഇടപ്പള്ളിമറ്റത്തിൽ ഐസക് അച്ചൻ, ഏറാടികുന്നേൽ ഉലഹന്നാൻ അച്ചൻ, ഇപ്പോഴത്തെ സെക്രട്ടറി കാരാമ്മേൽ എബ്രാഹാം അച്ചൻ, ശ്രേഷ്ഠ ബസേലിയോസ് പൗലോസ് ബാവാ മെത്രാനായി ഇവിടെ താമസം തുടങ്ങിയ അന്നുമുതൽ ഓഫീസിൽ സേവനം അനുഷ്ഠിക്കുന്ന ശ്രീ. കെ. സി. ഏലിയാസ് എന്നിവർ ഇവിടെ നടന്ന നിർമ്മാണ കാര്യങ്ങളിൽ നിർവ്വഹിച്ച പങ്കിനെ നന്ദിപൂർവ്വം അനുസ്മരിക്കുന്നു. ആരംഭകാലത്ത് ഫാ. ജോർജ്ജ് ചാലപ്പുറം, ശ്രീ. കെ. എ. തോമസ്, ഡോ. എബ്രാഹാം വർഗ്ഗീസ്, (കുളിരാങ്കൽ) എന്നിവർ നൽകിയ പിന്തുണയും എനിക്ക് മറക്കാവുന്നതല്ല.

ശുശ്രൂഷയുടെ ഏത് രംഗത്തും പോരാട്ടമു്. അക്രമത്തിനിറങ്ങിയവർ പലപ്പോഴും വ്യത്യസ്തരായിരുന്നു. എന്നാൽ അവരുടെ ലക്ഷ്യം എന്നും നശിപ്പിക്കുകയോ സ്വന്തമാക്കുകയോ ആയിരുന്നു. അവർ അതുകൊ് ഒറ്റയ്ക്കും കൂട്ടുകൂടിയും കലഹിച്ചുനോക്കി. സ്വന്തമായി നേരിടാൻ കഴിയാത്തവർ ഡ്യൂപ്പുകളെയും ആ ശ്രിതരെയും രംഗത്തിറക്കിനോക്കി. വ്യാജം പറയുക, അപകീർത്തിപ്പെടുത്തുക തുടങ്ങിയ ആയുധങ്ങളുമായിട്ടായിരുന്നു ഇവരുടെ പയറ്റ്. ഇവയൊക്കെ നന്നായി പരിചയമുള്ളവർ എന്തിന് പലപ്പോഴും പകരക്കാരെ ഇറക്കുന്നു എന്നതാണ് എന്റെ അത്ഭുതം. യഥാർത്ഥ പോരാളി നേരിട്ടാണ് യുദ്ധം നടത്തുന്നത്. സത്യവും നീതിയുമാണ് ആയുധം. ആർജ്ജവമാണ് കൈമുതൽ. പകരക്കാരെ ഇറക്കി കപട പോരാട്ടത്തിന് തുനിയാറുമില്ല. കഴിഞ്ഞ ദിവസം ആരോ എന്നോട് ചോദിച്ചു: "പറയാനുള്ളത് ഏതെങ്കിലും ഒരു പ്രശുംഭന്റെ പേരിൽ എഴുതിപ്പിടിപ്പിച്ചുകൂടേ? തിരു

Time
is a great
Reminder

(10)

Clock is a machine of great moral value to man
Allaying his concern for the future by reminding
Him what a lot of time remaing to him

For a long time it had seemed to me that life
Was about to begin-real life. But there was always
Some obstacle in the way, something to be
Gotten through first, some unfinished business,
Time still to be served, or debt to be paid.
Then life would begin. At last it dawned on me
That these obstacles were my life.

We all have our time machines
Some take us back, they're called memories
Some take us forward, they're called dreams.

YOU MAY DELAY BUT TIME WILL NOT.

Collected by Aneena Elizabeth Bejoy

വഴിവിളക്ക്

സ്നേഹത്തിന്റെ ഉപ്പുചേർത്ത പൊതിച്ചോറ്

ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്ത

ഒരു ഏഴുവയ ുകാരി പെൺകുട്ടി ചിരിക്കുന്ന ചിത്രം. അതിനു മുമ്പിൽ ഒരു റോസാപ്പൂവും കത്തുന്ന മെഴുകുതിരിയും. അമേരിക്കയിലെ ഒരു സ്കൂളിൽ നടന്ന വെടിവയ്പിനു ശേഷം പത്രത്തിൽ വന്ന പടങ്ങളിലൊന്നായിരുന്നു അത്. കുട്ടികളുടെ ജീവൻ തുടിക്കുന്ന ചിത്രങ്ങളും സ് കൂളുകളുടെ കവാടങ്ങൾക്കു മുന്നിൽ കൂട്ടിയിട്ട പൂക്കളുടെ ചിത്രങ്ങളും പിന്നീട് സാധാരണമായി.

സഹപാഠിയുടെ വെടിയേറ്റ് വി ദ്യാർത്ഥികൾ പിടഞ്ഞുവീണു മരിച്ചതിന്റെ ദൃശ്യങ്ങൾ സിനിമാ കാണുന്ന ലാഘവത്തോടെയാണ് നമ്മൾ ക ത്. ഞങ്ങൾ നിങ്ങളെ സ്നേഹിക്കുന്നുവെന്ന് ചുമരിലെഴുതി മടങ്ങുന്ന ജനക്കൂട്ടം നമുക്ക് പുതിയ കാഴ്ചയായി. കുത്തഴിഞ്ഞ ജീവിതമുള്ള അമേരിക്കയിൽ ഇതിനപ്പുറവും സംഭവി ക്കും എന്നൊരു ആത്മഗതവും നമ്മു ടെ മന ുകളിലുായി.

കഴിഞ്ഞ ദിവസം ഹരിയാനയിലെ സ്കൂളിൽ കൂട്ടുകാരന്റെവെടിയേറ്റ് എട്ടാം ക്ലാ ുകാരൻ മരിച്ചപ്പോഴും നമ്മുടെ മന ുകൾ അല്പമെങ്കിലും വേദനിച്ചോ? പുസ്തകക്കെട്ടും ചോറ്റുപാത്രവുമായി രാവിലെ സ്കൂളിലേയ്ക്ക് പോയ പ്രിയപ്പെട്ട മക്കളെ ഓർത്തവർ കുറവായിരിക്കും. നമുക്ക് ബാധകമല്ലാത്ത ചില കാര്യങ്ങൾ മാത്രമാണോ അവ. കേരളത്തിലെ ഏതെങ്കിലും ഒരു സ്കൂളിൽ ഇത്തരം ഒരു സംഭവം ഉായാൽ നമുക്ക് എന്ത് ന്യായീകരണം ഉാ കും? കുടുംബങ്ങളിൽ കുട്ടികൾ വളരുന്ന അവസ്ഥകളിലേയ്ക്കാണ് ഈ സംഭവം വിരൽ ചൂുന്നത്.

ഇന്ന് അമ്മയെയും അപ്പനെയും സ്നേഹിക്കേതെങ്ങനെയെന്ന് അറിയാൻ അവസരങ്ങളില്ല. കുട്ടികൾ ഉാകുന്നത് ആശുപത്രിയിൽ. പരിചരിക്കുന്നത് നേഴ്സും ആയയും. എപ്പോഴെങ്കിലും എല്ലാവരും ഒരുമി ക്കുമ്പോൾ ഹോട്ടലിൽ പോയി ഭക്ഷ ണം കഴിക്കുന്നു. സിനമ കാണുന്നു. ബന്ധങ്ങൾ മറന്നുപോകാതിരിക്കാനുള്ള അവസരമായി അവധിക്കാലം മാറുന്നു. കുട്ടികൾ സ്കൂളിൽ നടന്ന കാര്യങ്ങൾ മാതാപിതാക്കളോടു പറയുമ്പോൾ അത് കേൾക്കാൻ അവർ ക്ക് സമയമുാകാറില്ല. അവന്റെ സന്തോഷവും സങ്കടവും ആരോടും പറയാതെ ഉള്ളിലൊതുക്കുമ്പോൾ സ്കൂൾ കവാടങ്ങളിൽ പൂവുകളുടെ എണ്ണം കൂടുന്നതിൽ അത്ഭുതമില്ല.

അമ്മയുടെ സ്നേഹം കുഞ്ഞ് മന ിലാക്കുന്നത് വാക്കുകളിലൂടെയല്ല; സ്പർശത്തിലൂടെയാണ്. കുട്ടികൾ എത്ര വലുതായാലും സ്പർശത്തിലൂടെയുള്ള കരുതലിന്റെ മൂല്യം കുറയുന്നില്ല. മകന്റെ തോളിൽത്തട്ടിയുള്ള ഒരു സ്നേഹപ്രകടനം എത്ര വലുതാണ്! എന്നാൽ, തോളിൽ തട്ടുന്നതു പോയിട്ട് പരസ്പരം സംസാരിക്കാൻപോലും പല മാതാപിതാക്കളും തയ്യാറാകുന്നില്ല. സംസാരമാകട്ടെ, പരസ്പരം കുറ്റപ്പെടുത്തുന്നതും. നി ാര കാര്യങ്ങൾക്കുപോലും അപ്പ നും മക്കളും വഴക്കിടുന്നു.

